വൈകിക്കിട്ടിയ ഉത്തരങ്ങൾ

[15-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ]

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശകൾ

97 [201] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
„ *കോടിയേരി ബാലകൃഷ്ണൻ:*
„ *ടി. കെ. ദേവകുമാർ:*
„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ ഇതിനകം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്; അവയെ സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) പുനരുദ്ധാരണ ശുപാർശകളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചവ എത്ര; ഏതെങ്കിലും ഉത്തവ് പുനഃപരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(സി) റിഫോംസ് കമ്മിറ്റി ശുപാർശ പ്രകാരം സ്വകാര്യവൽക്കരിക്കുന്നതിനായി നടപടികളാരംഭിച്ച സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയുടെ കാര്യത്തിൽ തീരുമാനങ്ങൾ ആയിട്ടുണ്ടോ; വിശദമാക്കാമോ; അടച്ചുപൂട്ടാൻ തീരുമാനിച്ചവ ഏതൊക്കെ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 30 പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (എഫ്. ഐ. ടി.) എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ച തീരുമാനം നടപ്പിലാക്കുന്നത് നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം നിർത്തലാക്കിയെങ്കിലും KIRF ബോർഡിൽ നിന്നും വായ്പയെടുത്ത് ചെയ്യുന്ന ഓർഡറുകൾ പൂർത്തീകരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ 3-2-2005-ലെ 86/2005/വ്യവ. നമ്പർ ഉത്തരവുപ്രകാരം അവസാനിപ്പിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു സമീപനത്തിനു രൂപം കൊടുക്കുന്നതിനുവേണ്ടി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധന എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പു മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ആസ്ട്രാൾ വാച്ചസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിന് പരിഗണിച്ചിരുന്നു. ഈ കമ്പനികൾക്കായി അപേക്ഷകൾ കിട്ടിയിട്ടുണ്ട്. സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് യൂണിറ്റ് എന്നിവ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ നടപടി

98 [204] *ശ്രീ. മഞ്ഞളാംകുഴി അലി:*
„ *വി. കെ. ചന്ദ്രൻ:*
„ *മത്തായി ചാക്കോ:*
„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെമ്പാടുമുള്ള ദുർബല-പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്താനുള്ള ഒരു പൈലറ്റ് പ്രോഗ്രാം നടപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പൈലറ്റ് പ്രോഗ്രാം തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിരുന്നത്;

(സി) ദുർബല-പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ദുർബല-പീഡിത വ്യവസായങ്ങളിലെ എത്ര ശതമാനം യൂണിറ്റുകളെ ഇതിനകം പുനരുജ്ജീവിപ്പിക്കുകയുണ്ടായി; നിലവിലുള്ള ദുർബല പീഡിത-വ്യവസായ യൂണിറ്റുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly